# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 05 | PUBLISHED FROM DELHI | PRICE Rs. 3/- | MAY 2013

## സ്നേഹമാധുരിയുടെ തെലുങ്ക് പതിപ്പ് പുറത്തിറങ്ങി

**കാക്കനാട:** ന്യൂ ലൈഫ് മീഡിയായുടെ ബാനറിൽ പാസ്റ്റർ എം. സാമുവൽകുട്ടി പ്രസിദ്ധീകരിച്ച സ്നേഹ മാധുരി എന്ന ക്രിസ്തീയ ഗാന ശേഖരത്തിന്റെ തെലുങ്ക് പരിഭാഷ പുറത്തിറങ്ങി. ആന്ധ്രാപ്രദേശിലെ കാക്കിനാട ഹോളി സ്പിരിറ്റ് ബാപ്റ്റിസ്റ്റ് ചർച്ചിന്റെ പത്താമത് വാർഷികത്തിന്റെ ഭാഗമായി പാസ്റ്റർ എം.എ.പി. വിജയകുമാറാണ് പ്രേമമാധുരി എന്ന തെലുങ്ക് പരിഭാഷ പുറത്തിറക്കിയത്. 2013 ഏപ്രിൽ 26ന് ആന്ധ്രാ ബാപ്റ്റിസ്റ്റ് സെമിനാരി അങ്കണത്തിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ ഹൈദരാബാദ് ജീസസ് ഫോളോയവേർസ് മിനിസ്ട്രിയുടെ സ്ഥാപക പ്രസിഡന്റ് റവ. പി ജോഷി സി.ഡി പ്രകാശനം ചെയ്തു. കാക്കിനാട ജില്ല എ.ഐ.സി.സി. പ്രസിഡന്റ് റവ. ഐസക്ക് ബാനർജി ആദ്യ കോപ്പി ഏറ്റുവാങ്ങി. സുവിശേഷ ഗായകനായ അകുമർത്തി ഡാനിയേൽ, എ.ഐ.സി.സി. ഈസ്റ്റ് ഗോദാവരി ജില്ല സാംസ്കാരിക വിഭാഗം പ്രസിഡന്റ് അകുമർത്തി സാമുവൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഹോളി സ്പിരിറ്റ് ബാപ്റ്റിസ്റ്റ് ചർച്ചിലെ മുതിർന്ന ശുശ്രൂഷകനായ ബി. രാജശേഖർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

സ്നേഹമാധുരിയിലെ ഗാനങ്ങൾ രചിച്ചത് പാസ്റ്റർ എം. സാമുവൽകുട്ടി, പാസ്റ്റർ ബിജു ബഞ്ചമിൻ, സിസ്റ്റർ സോണിയാ സാമുവൽ എന്നിവരാണ്. ശ്രീമതി പ്രസന്ന രമേശ് ഈ ഗാനങ്ങൾ തെലുങ്കിലേക്ക് പരിഭാഷപ്പെടുത്തി. ബി. ജോസഫ് , നികിത, സ്വർണ്ണമാധുരി, ഗരികിന സംയുക്ത,എലിസബേത്ത്, സോണിയാ സാമുവൽ, സാംസൺ സാമുവൽ എന്നിവരാണ് ഗായകർ.

പ്രേമമാധുരിയിലെ ഗാനങ്ങൾ എഴുതുവാനുണ്ടായ അനുഭവങ്ങളെക്കുറിച്ച് യോഗത്തിൽ സംബന്ധിച്ച പാസ്റ്റർ എം. സാമുവൽകുട്ടി വിവരിച്ചു. പ്രേമമാധുരി തെലുങ്കിൽ പുറത്തിറക്കിയ പാസ്റ്റർ എം.എ.പി വിജയകുമാറിനെ പാസ്റ്റർ എം. സാമുവൽകുട്ടി അഭിനന്ദിച്ചു.



ചിത്രം 1. റവ. പി. ജോഷി സി.ഡി. പ്രകാശനം നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ എം. സാമുവൽകുട്ടി, എം. എ.പി. വിജയകുമാർ, ബി. രാജശേഖർ എന്നിവർ സമീപം. ചിത്രം 2. ആദ്യകോപി ഏറ്റുവാങ്ങിയ റവ. ഐസക് ബാനർജി. ചിത്രം 3. പാസ്റ്റർ എം. സാമുവൽകുട്ടി ഗാനപശ്ചാത്തലം വിവരിക്കുന്നു, പരിഭാഷ- പാസ്റ്റർ എം.എ.പി. വിജയകുമാർ

## ക്രൈസ്തവ സംഗീത സായാഹ്നം

**തെങ്ങമം:** സ്വരരാഗലയതാളങ്ങളിലൂടെ സുവിശേഷ സന്ദേശംപ്രഘോഷിച്ചുകൊണ്ട് ക്രിസ്തീയ സംഗീത സായാഹ്നംനടന്നു. തെങ്ങമം ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ പ്രശസ്തരായ സംഗീതജ്ഞരെയും ഗായകരെയും അണിനിരത്തി നടത്തിയ സുവിശേഷ ഗാനാലാപനം തെങ്ങമം ഗ്രാമത്തെ സംഗീതസാന്ദ്രമാക്കി. 2013 ഏപ്രിൽ 13 ശനിയാഴ്ച വൈകിട്ട് നടന്ന പ്രസ്തുത ക്രിസ്തീയ സംഗീത സായാഹ്നം ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉത്ഘാടനം ചെയ്തു. ക്രിസ്തീയ ആരാധനയിൽ സംഗീതത്തിനുള്ള പ്രാധാന്യം അദ്ദേഹം ഏടുത്തുകാട്ടി. പാസ്റ്റർ റിജു ജോസഫ് സുവിശേഷ ദൂത് നൽകി. പ്രശസ്ത ഗായകരായ സ്റ്റാൻലി ശീലാസ്, ജോൺസൺ ഡേവിഡ്, ബൻസി ജോർജ്ജ്, പാസ്റ്റർ ബോബി പി. ജോൺ, മനോജ്, ലാസർ തെങ്ങമം, പ്രസന്ന ജോസ്, പോൾസൺ മനുവേൽ, ജോമോൻ ജോൺസൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു. ജോസ് ദാനം, കൊച്ചുമോൻ, ഷിബു, ഹരി തുടങ്ങിയവർ സംഗീതം പകർന്നു. തെങ്ങമം ഗ്രാമനിവാസികൾ സുവിശേഷ സന്ദേശത്തിന് കാതോർക്കുകയും ശ്രുതിമധുരമായ സംഗീതം ആസ്വദിക്കുകയും ചെയ്തു. പാസ്റ്റർ വിനോദ് ഇവിടെ പ്രവർത്തിക്കുന്നു.



സംഗീത സായാഹ്നം ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## എഫ്.സി.ബി.സി. എക്സ്റ്റൻഷൻ കോഴ്സ് ആരംഭിക്കുന്നു

**അടൂർ:** 2006 ജൂൺ 10ന് ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ നേതൃത്വത്തിൽ പത്തനംതിട്ടയിലെ അടൂർ പട്ടണത്തിൽ ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് എട്ടാമത് അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. അഞ്ചു ബാച്ചുകളിലായി അറുപത്തിമൂന്ന് വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് സുവിശേഷ വയലിലേക്കയക്കുവാൻ എഫ്.സി.ബി.സിക്ക് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഡയറക്ടറായി നേതൃത്വം നൽകുന്ന ഈ സ്ഥാപനം എട്ടാമത് അദ്ധ്യയന വർഷത്തിൽ ഒരു പുതിയ കാൽവയ്പ്പ് നടത്തുന്നു. എഫ്.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട, മല്ലശ്ശേരി പൂങ്കാവ് സി.എം.എസ്. സ്കൂളിന് സമീപം തുണ്ടുവിളയിൽ ബിൽഡിംഗിൽ വച്ച് 2013 ജൂൺ 10 മുതൽ ഒരു എക്സ്റ്റൻഷൻ സായാഹ്ന കോഴ്സ് ആരംഭിക്കുന്നു. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8 വരെയായിരിക്കും ക്ലാസ്സുകൾ നടക്കുന്നത്. എഫ്.സി.ബി.സിയിലെ പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കും. ഈ കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് സി.റ്റി.എച്ച്. സർട്ടിഫിക്കേറ്റ് ലഭിക്കും. തദ്ദേശവാസികൾക്ക് ദൈവവചനം ക്രമീകൃതമായി പഠിക്കുവാനുള്ള ഒരു സുവർണ്ണാവസരമായിരിക്കും ഇത്. താൽപ്പര്യമുള്ളവർ ഈ ഫോൺ നമ്പരുകളിൽ വിളിക്കുക.

9961813058,9946555707.

## പുത്രികാ സംഘടനകൾക്ക് പുതിയ നേതൃത്വം

**അടൂർ:**ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൺ പുത്രികാ സംഘടനകൾക്ക് പുതിയ നേതൃത്വം. 2013 ഏപ്രിൽ 13 ശനിയാഴ്ച നടന്ന തിരഞ്ഞെടുപ്പിൽ പുതിയ ഭാരവാഹികൾ നാമ നിർദ്ദേശത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സുമേഷ് പി. ലാസർ (പ്രസിഡന്റ്, എഫ്.സി. വൈ. എം.), പാസ്റ്റർ എബി ജോർജ്ജ്(പ്രസിഡന്റ്, സണ്ടേസ്ക്കൂൾ),സിസ്റ്റർ ലിൻസി ബിജു (പ്രസിഡന്റ്, എഫ്. സി. ഡബ്ല്യൂ. എ), സുവി. സാം വില്ല്യം (കോ ഓർഡിനേറ്റർ, എഫ്. സി. എം.എഫ്.)എന്നിവരെ നേരത്തെ തിരഞ്ഞെടുത്തിരുന്നു. മറ്റു ഭാരവാഹികളായി സുവി. ജോൺസൺ ഡാനിയേൽ (സെക്രട്ടറി, എഫ് സി. വൈ. എം) സുവി. സാബു ജോൺ (ട്രഷറാർ, എഫ് സി. വൈ. എം), ബ്രദർ ശാമുവേൽ ഐവർകാല (സെക്രട്ടറി, സണ്ടേ സ്ക്കൂൾ), സുവി. ബേബി ജോസഫ് (ട്രഷറർ, സണ്ടേസ്ക്കൂൾ), സിസ്റ്റർ റ്റിനു മനോജ് (സെക്രട്ടറി, എഫ്. സി.ഡബ്ല്യൂ. എ.), സിസ്റ്റർ അന്നമ്മ ജോർജ്ജ് (ട്രഷറർ, എഫ്.സി.ഡബ്ല്യൂ. എ.), സുവി. രാജു.പി(സെക്രട്ടറി, എഫ്.സി.എം.എഫ്),ബ്രദർ ജോയി കൊടുമൺ (ട്രഷറർ, എഫ്.സി.എം.എഫ്.) എന്നിവർ തിരെഞ്ഞെടുക്കപ്പെട്ടു.

## കാൽക്കാജി എഫ്. എഫ്.സിയിൽ വി.ബി.എസ്സ്

**കാൽക്കാജി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കാൽക്കാജി സഭയുടെ ആഭിമുഖ്യത്തിൽ വർഷങ്ങളിയി നടന്നു വരുന്ന വെക്കേഷണൽ ബൈബിൾ സ്ക്കൂൾ ജൂൺ മാസം അവസാന ആഴ്ചയിൽ നടക്കും. ഒരാഴ്ച നീണ്ടുനിൽക്കുന്ന ക്ളാസുകളിൽ ദൈവവചന പഠനം, ഗാന പരിശീലനം , കിഡ്സ് വർഷിപ്പ് , താലന്തു പ്രദർശനം തുടങ്ങി വിവിധ പരിപാടികൾ നടക്കും. കാൽക്കാജി-ഗോവിന്ദപുരി പ്രദേശത്തെ കുട്ടികളെ സഭാവെത്യാസമെന്യേ വി.ബി.എസ്സിനു സ്വാഗതം ചെയ്യുന്നു. സമാപന സമ്മേളനത്തിൽ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി സമ്മാനങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക്- പാസ്റ്റർ ബിനോയി പി. ജോൺ - 9871728600 ബ്രദർ ശീലാസ് സാമുവൽ-8800848020/8826807671.

***ഉൾപേജുകളിൽ...***


**നിറഞ്ഞവരാകുക:** പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)

**വിശ്വാസിയും ഭക്തിയും:** പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ)

**സിദ്ധൗഷധം (ഭാവന)** : ജിനി ഡേവിഡ് (അടൂർ)

**വിശ്വാസ വീരന്റെ പ്രത്യാശ** : പാസ്റ്റർ കെ. ജോയി (ഡൽഹി)

**തിരക്കേറിയ നമ്മുടെ ജീവിതം** പാസ്റ്റർ ബിജു ബഞ്ചമിൻ (അടൂർ)

പത്രാധിപ ലേഖനം.......

# നിറഞ്ഞവരാകുക



**ആ**ദിമസഭ എല്ലാ നിലയിലും നിറവിന്റെ ഉത്തമോദാഹരണമാണ്. പെന്തക്കൊസ്തു നാളിൽ എല്ലാവരും ഏക മനസ്സോടെ ഒന്നിച്ചു കൂടിയിരുന്ന വീട് മുഴുവനും ദൈവശക്തിയാൽ നിറയപ്പെട്ടു. അവിടെ ഉണ്ടായിരുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി. സഭയിലേക്കുള്ള പരിശുദ്ധാത്മാവിന്റെ പ്രവേശനം തന്നെ പൂർണ്ണ നിറവോടെയായിരുന്നു. പെന്തക്കൊസ്തുനാളിൽ സഭ വീണ്ടുംജനിക്കയും പുതിയ ഒരു നിലവാരത്തിന് തുടക്കം കുറിക്കുകയുമാണ് ചെയ്തത്. കാരണം, സഭയുടെ ആരംഭം കുറിക്കുന്നത് കർത്താവിന്റെ കാൽവറി മരണത്തിലൂടെയാണ്. അതുകൊണ്ട് പെന്തക്കൊസ്ത് എന്നത് സഭയുടെ ജനനം എന്നതിലുപരി സഭയുടെ വീണ്ടുംജനനമാണെന്ന് നാം മനസിലാക്കണം. എന്നാൽ അവിടെമുതലാണ് മൊത്തത്തിൽ നവീകരിക്കപ്പെട്ട, നിറവുപ്രാപിച്ച സഭയുടെ ആരംഭം.

നിറവ് പ്രാപിച്ച ആദിമ സഭയുടെ പ്രത്യേകതകളിൽ പ്രഥമമായത്, അവർ അപ്പൊസ്തലൻമാരുടെ ഉപദേശം കേട്ടു എന്നതാണ്. കേട്ടു എന്നതിന് അനുസരിച്ചു എന്നർത്ഥം. അപ്പൊസ്തലൻമാർ, കർത്താവിനെക്കുറിച്ച് വിശ്വസിച്ചതും കർത്താവ് അവരെ പഠിപ്പിച്ചതും പഴയനിയമം നിവർത്തിയായ വിഷയങ്ങളും സഭയ്ക്ക് കൈമാറുക മാത്രമാണ് ചെയ്തത്. അതിൽ കവിഞ്ഞ് അവർക്ക് ഒന്നും പറയുവാൻ ഇല്ലായിരുന്നു. അവർ കൈമാറിയത് പിന്നീട് ഒരുമിച്ച് ചേർക്കപ്പെട്ടു, മറ്റു രേഖകളും ചേർത്ത് എഴുതപ്പെട്ട സുവിശേഷങ്ങളായി നമ്മുടെ കരങ്ങളിലും എത്തി. രണ്ടാമതായി ആദിമ സഭ കൂട്ടായ്മ ആചരിച്ചു. അവർ കൂട്ടായ്മ പ്രകടമാക്കിയത് വിവിധ തരത്തിലായിരുന്നു. ഒരുമിച്ച് ഒരു സ്ഥലത്ത് കൂടിവന്നും ഒരുമിച്ച് പ്രാർത്ഥിച്ചും അവരുടെ സ്വത്ത് സ്വമനസ്സാലെ മറ്റുള്ളവർക്കായി പങ്കുവച്ചും ഇല്ലായ്മ അനുഭവിക്കുന്നവർക്ക് നൽകാനായി തങ്ങൾക്ക് ഉള്ളത് വിറ്റും അവരുടെ കൂട്ടായ്മ അവർ പ്രകടമാക്കിയിരുന്നു. മൂന്നാമതായി ആദിമ സഭ അപ്പം നുറുക്കി. കർത്തൃമേശയെക്കുറിച്ച് മാത്രമല്ല നാം അപ്പൊസ്തലപ്രവൃത്തിയിൽ അപ്പം നുറുക്കലിനെ കുറിച്ച് കാണുന്നത്, മറിച്ച് ഒരുമനപ്പെട്ട് ദിനം പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കികൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്തുപോന്നു (അപ്പൊ. പ്രവൃത്തികൾ 2:46)എന്നു കാണുന്നു. അതിനാൽ, കൂട്ടായ്മയിൽ അവർ ആഹാരം ഒരുമിച്ച് പങ്കുവച്ച് ഭക്ഷിച്ചിരുന്നുവെന്ന് മനസിലാക്കാം. നാലാമതായി ആദിമ സഭ പ്രാർത്ഥനയിൽ നിറവുള്ളവരായിരുന്നു. അവരുടെ ഭവനങ്ങളിലും പള്ളികളിലും അവർ കൂടി വന്നിരുന്ന ഇടങ്ങളിലും പ്രാർത്ഥനയുടെ നിറവ് നാം ദർശിക്കുന്നു.

ആദിമസഭ നീതിഫലം നിറഞ്ഞതായിരുന്നു (ഫിലിപ്പ്യർ 1:11). ദൈവമക്കൾ വിശ്വാസത്തിലും പരിശുദ്ധാത്മാവിലും നിറഞ്ഞവരായിരുന്നു (അപ്പൊ. പ്രവൃത്തികൾ 11:24). ആത്മാവും ജ്ഞാനവും നിറഞ്ഞവരായിരുന്നു (ലൂക്കൊസ് 1:41). ഇതിന്റെയെല്ലാം ഫലമായി ദൈവഭയം ദേശത്തെല്ലായിടവും വ്യാപിച്ചു. അപ്പൊസ്തലൻമാരാൽ അനവധി അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. ഓരോ ദിവസവും ജനം രക്ഷിക്കപ്പെട്ട് സഭയോട് ചേരുവാൻ തുടങ്ങി. സഭ വളർന്നു. വാസ്തവത്തിൽ ആദ്യത്തെ മുന്നൂറ് വർഷങ്ങളിൽ സഭയുടെ വളർച്ച അത്ഭുതാവഹമായിരുന്നു. പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ നിന്ന് റോമാ സാമ്രാജ്യത്തിന്റെ ഔദ്യാഗിക മതമായി ക്രിസ്ത്യാനിത്വം വളർന്നു.

ഇന്നത്തെ സഭയുടെ വളർച്ചാനിരക്ക് എന്താണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനായി ഇന്നത്തെ സഭയേയും ആദിമ സഭയേയും തുലനം ചെയ്ത് നാം പഠിക്കേണ്ടതുണ്ട്. അപ്പൊസ്തലൻമാർക്ക് കർത്താവിന്റെ പ്രവൃത്തികളും അവൻ അവരെ പഠിപ്പിച്ചതുമല്ലാതെയുള്ള ഒരു പ്രസംഗവും ഇല്ലായിരുന്നു. ഇന്നത്തെ ന്യൂജനറേഷൻ സഭകളും പ്രസംഗകരും കർത്താവിന്റെ പഠിപ്പിക്കലിനും പ്രവൃത്തികൾക്കും പ്രാധാന്യം നൽകാതെ ആന്തരിക സൗഖ്യശുശ്രൂഷകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ യേശുവിനെകുറിച്ചുള്ള യഥാർത്ഥ ചിത്രം ജനത്തിൽ നിന്നും അവർ കോട്ടികളയുന്നു. യഥാർത്ഥ രക്ഷാസന്ദേശത്തിന്റെ സത്ത നഷ്ടപ്പെടുന്നു. ഇങ്ങനെയുള്ള നേതാക്കന്മാരിലും അനുയായികളിലും ആത്മീയ നിറവിന്റെ അവസ്ഥ ഇല്ലാതാകുന്നു.

പുതിയ നിയമ ഭാഷയിൽ നിറഞ്ഞവരാകുക എന്നതിന്റെ അർത്ഥം നിയന്ത്രണത്തിൽ ആകുക എന്നാണ്. നാം കോപത്താൽ നിറയുമ്പോൾ നാം കോപത്താൽ നിയന്ത്രിക്കപ്പെടുകയാണ്. ആത്മാവ് നിറഞ്ഞവരാകുവിൻ എന്നതിന് ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവരാകുവിൻ എന്നാണ് ഉദ്ദേശിക്കുന്നത്. പക്ഷെ, ദൈവേഷ്ടത്തിന്റെ പരിജ്ഞാനത്തിൽ എങ്ങനെയാണ് വിശ്വാസികൾ വളരുന്നത്?. സകലജ്ഞാനവും ആത്മിക ഉൾകാഴ്ചയും മുഖേന എന്ന് പൗലൊസ് പറയുന്നു(കൊലോസ്യർ 1:10). ദൈവവചനത്തിലൂടെ നാം ദൈവ ഹിതം മനസ്സിലാക്കുന്നു. നാം പരിശുദ്ധാത്മാവിന് വിധേയപ്പെടുന്നതിന് അനുസരണമായി ആത്മാവ് നമ്മെ ഉപദേശിക്കും. നാം പ്രാർത്ഥിക്കുകയും ആത്മാർത്ഥതയോടെ ദൈവീക യാഥാർത്ഥ്യം അന്വേഷിക്കുകയും ചെയ്യുമ്പോൾ നമുക്ക് ആവശ്യമായിരിക്കുന്ന പരിജ്ഞാനവും അന്തർദർശനങ്ങളും ദൈവം പരിശുദ്ധാത്മാവിലൂടെ നമുക്ക് നൽകും.

ദൈവജനത്തോടുള്ള ദൈവത്തിന്റെ പൊതുവായ ഹിതം വളരെ വ്യക്തമായി ബൈബിളിൽ ഉണ്ട്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലേക്ക് ലഭിക്കുന്ന നിശ്ചിതമായ ദൈവഹിതം ദൈവവചനത്തിൽ ദൈവം നേരത്തെതന്നെ വെളിപ്പെടുത്തിയിട്ടുള്ളതിനോട് പോരുത്തപ്പെടുന്നതായിരിക്കണം. ദർശനങ്ങളെ അന്വേഷിക്കുവാനോ ശബ്ദങ്ങൾക്കായി കാത്തിരിക്കുവാനോ അല്ല മറിച്ച്, ദൈവവചനത്തിന്റെ ആഴങ്ങളെ മനസിലാക്കുവാനും ദൈവഹിതം സംബന്ധിച്ച് ഉൽകൃഷ്ടമായ ജ്ഞാനവും ഉൾകാഴ്ചയും പ്രാപിക്കണമെന്ന് കൊലോസ്യർക്കുള്ള ലേഖനത്തിൽ പൗലൊസ് പ്രാർത്ഥിക്കുന്നു. അവർ എല്ലാജ്ഞാനവും പ്രാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. ഇത് എല്ലാറ്റിനേയും കുറിച്ച് അറിയുന്നതല്ല മറിച്ച്, തീരുമാനങ്ങൾ എടുക്കുവാനും ദൈവത്തെ പ്രസാദിപ്പിച്ച് ജീവിക്കുവാനും ആവശ്യമായിരിക്കുന്ന ജ്ഞാനമാണ്. വിജയകരവും ഫലപ്രദവും നിറവുള്ളതുമായ ക്രിസ്തീയജീവിതത്തിന്റെ ആരംഭമാണ് അത്മീയ ജ്ഞാനം പ്രാപിക്കുക എന്നത്. അജ്ഞതയ്ക്ക് ദൈവം അല്പം പോലും ബഹുമതി നൽകുന്നില്ല. ദൈവവചന പരിശീലനത്തിനുള്ള ഭാഗ്യം ലഭിക്കാത്ത എത്രയോ ദൈവദാസന്മാർ സമർപ്പിക്കപ്പെട്ട വചന പഠിതാക്കൾ ആയിരുന്നു. മണിക്കൂറുകൾ നീളുന്ന പഠനം, ധ്യാനം, പ്രാർത്ഥന എന്നിവയിലൂടെ ദൈവ വചനത്തിന്റെ ആഴമായ സത്യങ്ങൾ അവർ കണ്ടെത്തി. നിറഞ്ഞ ജീവിതത്തിന്റെ പൂർണതയിലേക്കുള്ള ആദ്യത്തെ ചുവടുവെയ്പുകൂടെയാണ് ആത്മീകജ്ഞാനം. അതായത്, ദൈവവചനം ഗ്രഹിച്ച് ദൈവഹിതത്തിൽ വരിക.

വിജയകരമായതും നിറഞ്ഞതുമായ ക്രിസ്തീയജീവിതത്തിന് അനിവാര്യമായ ഒരു ഘടകമാണ് ദൈവഹിതം. നാം ദൈവഹിതം അറിയണമെന്നും ഗ്രഹിക്കണമെന്നും ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. വിദൂരത്തിൽ നിൽക്കയും ഒരിക്കലും വിശദീകരിക്കാത്ത ശാസനകൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന ഒരു സ്വേച്ഛാധിപതി അല്ല ദൈവം. എന്തെന്നാൽ, നാം അവന്റെ സ്നേഹിതൻമാരാണ്. അവൻ എന്താണ് ചെയ്യുന്നതെന്നും എന്തിനാണ് ചെയ്യുന്നതെന്നും നമുക്ക് അറിയുവാൻ കഴിയും. അവന്റെ വചനം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന് തന്റെ ജനത്തെക്കുറിച്ചുള്ള ഹിതത്തിന്റെ ആവേശം ഉണർത്തുന്ന പുതിയ യാഥാർത്ഥ്യങ്ങൾ കണ്ടെത്തുവാൻ കഴിയും. വിശ്വാസത്തിലും പരിശുദ്ധാത്മാവിലും നിറഞ്ഞ് ദൈവീകജ്ഞാനം പ്രാപിച്ച് നീതിഫലം നിറഞ്ഞവരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## മാസയോഗം നടന്നു

കേരളാ റീജൺ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ മാസയോഗം 2013 ഏപ്രിൽ 13 ശനിയാഴ്ച തെങ്ങമം സഭയിൽ വച്ച് നടന്നു. കേരളാ റീജൺ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം.സാമുവേൽകുട്ടി യോഗത്തിൽ സംബന്ധിച്ചു. സീനിയർ പാസ്റ്റർ ഡി.ജോൺ മുഖ്യ സന്ദേശം നൽകി. മണവാളനായ ക്രിസ്തു തന്റെ മണവാട്ടിയായ സഭയെ വേളികഴിക്കുവാനുള്ള സമയം സമാഗതമായെന്നും ദൈവമക്കൾ അതിന് വേണ്ടി ഒരുങ്ങണമെന്നും അദ്ദേഹം ഓർപ്പിച്ചു. വലിയ ഭവനത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നുവെന്നും അതിൽ പ്രവേശിക്കുവാൻ സഭ തയ്യാറാകണമെന്നും യോഹന്നാൻ 14-ാം അദ്ധ്യായം അടിസ്ഥാനപ്പെടുത്തി അദ്ദേഹം ആഹ്വാനം ചെയ്തു.ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ പഠിച്ച് ബിരുദം കരസ്ഥമാക്കിയ സുവി. ബൻസി ജോർജ്ജ്, സുവി. സാംവില്ല്യം എന്നിവരെ കർത്തൃവേലയ്ക്കായി പ്രാർത്ഥിച്ച് വേർതിരിച്ചു. സുവിശേഷ വേലയുടെ പ്രാധാന്യത്തെക്കുറിച്ചും ഒന്നാം നൂറ്റാണ്ടിലെ സഭ ദൈവവേലക്കായി സുവിശേഷകരെ വേർതിരിച്ച രീതികളും പാസ്റ്റർ എം. സാമുവേൽകുട്ടി പ്രസ്താവിച്ചു. പാസ്റ്റർ സാമുവൽകുട്ടി കർത്തൃമേശാ ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ബോബി പി.ജോൺ സങ്കീർത്തന പ്രബോധനം നടത്തി.

## സിദ്ധൗഷധം

(മൂന്നാം പേജിൽ നിന്നും തുടർച്ച)

മരണത്തിന് വഴി തെളിയിക്കുന്നു. തന്നെയുമല്ല, ദൈവരാജ്യം എന്ന പൂർണ്ണവിടുതൽ നഷ്ടപ്പെടുത്തുന്നു. ഒരു പക്ഷെ, ഏതെങ്കിലും ഒരു കാപ്സൂൾ തെറ്റി കഴിക്കാതെ ഇരുന്നാൽ പിതാവ്-പുത്രൻ-പരിശുദ്ധാത്മാവ് എന്നീ മൂന്ന് ഘടകങ്ങൾ ഒന്നിച്ചടങ്ങിയ ഒരു വാക്സിൻ എടുത്ത് ശുദ്ധീകരണം പ്രാപിക്കേണം. ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം എന്ന ടോണിക്കും കൂടി ആയാൽ സംഗതി റെഡി.

കാലഗതികൾക്കനുസരിച്ച് ഈ ഔഷധത്തിന്റെ വീര്യം കുറയുന്നില്ല. വളരെ അധികം കാലപഴക്കം ചെന്നതും തിരക്കേറിയതും ഒരുപാട് നൂതനവുമായ ഒരു മെഡിക്കൽ സ്റ്റോറിലാണ് ഈ ഔഷധം ലഭ്യമാകുന്നത്. ഡോക്ടറെ സമീപിക്കാതെ ഈ വക ഔഷധങ്ങൾ ലഭ്യമാകുകയില്ല. ആത്മാവിന്റെ ഫലം എന്ന ബില്ല് സമർപ്പിച്ച് കഴിഞ്ഞാൽ വളരെ വേഗം മരുന്ന് ലഭ്യമാകുന്നു. പൂർണ്ണമനസ്സോടെയാണ് ബില്ല് സമർപ്പിക്കുന്നതെങ്കിൽ ക്യൂ നിൽക്കേണ്ടിവരികയില്ല. ഇതിനോടൊപ്പം വചനം എന്ന മായമില്ലാത്ത പാൽ കൂടി വാങ്ങിയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കികളയാനാകും.

ദിവസേന ഈ ക്യാപ്സൂളുകൾ ഉപയോഗിക്കുന്നത് വളരെ ഫലപ്രദമായിരിക്കും. കാരണം, പിശാച് എന്ന വൈറസ്സിനെ മാറ്റി നിർത്താനാകും. വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള ഇംഗ്ലീഷ്- ഹോമിയോ-ആയുർവേദ മരുന്നുകൾ മാറ്റി ഇവിടെ ലഭിക്കുന്ന സൗജന്യ ഔഷധത്തിനായി ഇതിന്റെ നിർമ്മാതാവുമായ യേശുവിന്റെ അടുക്കലേക്ക് നമുക്ക് അടുത്തു ചെല്ലാം.


## MATRIMONIAL

ഡൽഹിയിൽ (ഫയർ ആൻഡ് സേഫ്റ്റി) ജോലി ചെയ്യുന്ന പെന്തക്കൊസ്ത് ചേരമർ യുവാവിന് (31 വയസ്, 170 സെ.മീ. ഉയരം) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 09656550757.

പെന്തക്കൊസ്ത് സാംബവ യുവതി (32 വയസ്, 170 സെ.മീ. ഉയരം, പത്താം ക്ലാസ്സ്, സുവിശേഷ വേലയിൽ തത്പര) അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9544409087/9656550757



**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


### എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും ഭക്തിയും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

കപടഭക്തരെ ക്രിസ്തു അത്യന്തം വെറുത്തു. പാപികളോടും ദ്രോഹികളോടും കാട്ടിയ മനഃസലിവുപോലും കപടഭക്തരോട് ക്രിസ്തു കാട്ടിയില്ല. നിർദാക്ഷിണ്യം അവരെ ശാസിച്ചു. ഭക്തരെന്ന് പറയുകയും ഭക്തി ലവലേശം ഇല്ലാതിരിക്കയും ചെയ്യുന്നവരെ സഹിക്കാൻ ക്രിസ്തുവിന് കഴിഞ്ഞില്ല. വെള്ളതേച്ച ശവക്കല്ലറകളായിട്ടാണ് അവരെ ക്രിസ്തുവിന് തോന്നിയത്.

**യേ**ശുക്രിസ്തുവിന്റെ മടങ്ങിവരവ് എന്ന് ഭാഗ്യകരമായ പ്രത്യാശയ്ക്കുവേണ്ടി വിളിക്കപ്പെട്ടവരാണ് വിശ്വാസികൾ. മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നവർ ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിക്കണമെന്നും സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ പരദേശവാസം കഴിക്കണമെന്നും വിശ്വാസികളെ പ്രബോധിപ്പിക്കുവാൻ പൗലൊസ് തീത്തൊസിനെ ഓർമ്മിപ്പിക്കുന്നു (തീപ്പൊത്താസ് 2:12,13)

യഹോവ യിസ്രായേലിനെകുറിച്ച് യിരമ്യാവിനോട് സംസാരിക്കുമ്പോൾ അവരുടെ ഭക്തി നഷ്ടപ്പെട്ടതായി ഓമ്മിപ്പിക്കുന്ന യൗവ്വനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച നാളിലെ സ്നേഹവും ഒരു ഓർമ്മ മാത്രമായി തീർന്നുപോയി (യിരമ്യാ. 2:2). ആ പഴയ ഭക്തി കാലപഴക്കത്തിൽ നഷ്ടപ്പെട്ടുപോയത് ദൈവത്തെ ദുഃഖിപ്പിക്കുന്നു. അറിയാത്ത വഴികളിലൂടെ ദൈവം അവരെ അത്ഭുതകരമായി നടത്തുകയും അർഹിക്കാത്ത അനുഗ്രഹങ്ങൾ അനവധിയായി നൽകുകയും ചെയ്തപ്പോൾ ഭക്തി വർദ്ധിക്കേണ്ടതിന് പകരം അത് കുറയുകയായിരുന്നു.

ഹൃദയത്തിൽ നിന്നും വരേണ്ട ഭക്തി വെറും അധരചർവണമായി മാറി. വായ്കൊണ്ടും അധരം കൊണ്ടും ബഹുമാനിക്കുന്നു എങ്കിലും ഹൃദയത്തെ ദൂരത്ത് അകറ്റി വച്ചിരിക്കുന്നു. അവരുടെ ഭക്തി മനഃപാഠമാക്കിയ മാനുഷ കല്പനയായി മാറി (യെശയ്യാവ് 29:13). പരമാത്ഥതയില്ലാത്ത ഭക്തിയും ആത്മാത്ഥത നഷ്ടപ്പെട്ട യാഗകർമ്മാദികളും ദർശിച്ച ദൈവം യിസ്രായേലിനോട് ചോദിക്കുന്നു, ഞാൻ യജമാനനെങ്കിൽ എന്നോടുള്ള ഭക്തി എവിടെ? (മലാഖി 1:6). അനുവദനീയമല്ലാത്തത് അർപ്പിച്ചിട്ട് ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവരോട് സർവ്വശക്തൻ ചോദിക്കുന്നു, ഇത് ന്യായമോ? ദൈവം പ്രസ്താവിക്കുന്നു, എനിക്ക് നിങ്ങളിൽ പ്രസാദമില്ല.

നാരദഭക്തി സൂത്രം എന്ന പുരാണ ഗ്രന്ഥഭാഗം ഭക്തിക്ക് നൽകിയിരിക്കുന്ന നിവ്വചനം ശ്രദ്ധേയമാണ്. ഈശ്വരനോടുള്ള അത്യന്തമായ, പരമമായ പ്രേമമാണ് ഭക്തി. ഇതറിയുന്ന ഭക്തൻ സിദ്ധനും അമൃതനും തൃപ്തനുമായി തീരും. അവൻ ഒന്നും ആഗ്രഹിക്കുകയോ ഒന്നിനെ പറ്റിയും ദുഃഖിക്കുകയോ ഇല്ല. ഒന്നിനെയും ദ്വേഷിക്കില്ല. അവൻ ഈശ്വരനിൽ ഉൻമത്തനും സ്ഥിരചിത്തനും ആത്മരാമനും ആയി തീരുന്നു.

ദൈവവചനം പറയുന്ന ഭക്തിയും ഭക്തനും ഇതിൽ ഒട്ടും കുറവല്ല. ആത്മാർത്ഥത നഷ്ടപ്പെട്ട യിസ്രായേലിനെ കൈവിടാൻ ദൈവം തയ്യാറല്ല. ഞാൻ അവരെ വിട്ടുപിരിയാതിരിക്കുന്നതുപോലെ അവർ എന്നെയും വിട്ടുമാറാതിരിക്കണമെന്ന് ആഗ്രഹിക്കുന്ന ദൈവം അതിനായി ഭക്തി അവരുടെ ഉള്ളിലാക്കുവാൻ താൽപര്യപ്പെടുന്നു (യിരമ്യാവ് 32:40)

വിശ്വാസി നിത്യതയ്ക്കായി വിളിക്കപ്പെട്ടവനാണ്. നിത്യതയിലെത്തുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം. ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ല. വരുവാനുള്ളതിനെയാണ് നാം അന്വേഷിക്കുന്നത്. ആകയാൽ നാം ഭക്തിയോടെ ഈ ലോകത്തിൽ ജീവിക്കേണ്ടതാണ്. എബ്രായ ക്രിസ്ത്യാനികളെ അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക (എബ്രാ. 12:28)

കപടഭക്തരെ ക്രിസ്തു അത്യന്തം വെറുത്തു. പാപികളോടും ദ്രോഹികളോടും കാട്ടിയ മനഃസലിവുപോലും കപടഭക്തരോട് ക്രിസ്തു കാട്ടിയില്ല. നിർദാക്ഷിണ്യം അവരെ ശാസിച്ചു. ഭക്തരെന്ന് പറയുകയും ഭക്തി ലവലേശം ഇല്ലാതിരിക്കയും ചെയ്യുന്നവരെ സഹിക്കാൻ ക്രിസ്തുവിന് കഴിഞ്ഞില്ല. വെള്ളതേച്ച ശവക്കല്ലറകളായിട്ടാണ് ക്രിസ്തുവിന് തോന്നിയത്. മറ്റുള്ളവരെ കബളിപ്പിക്കാൻ പുറം മാത്രം ഭംഗിയാക്കി പ്രദർശിപ്പിക്കുകയും അകം സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കയും പുറമേ നീതിമാൻമാർ എന്നു തോന്നതക്കവിധം അഭിനയിക്കയും ചെയ്യുന്നവർ (മത്തായി 23:27,28). അന്ത്യകാലത്ത് സംഭവിക്കുന്ന ആത്മീയ അപചയങ്ങളെ കുറിച്ച് അപ്പൊസ്തലനായ പൗലൊസ് തിമൊഥിയൊസിനെ ഓർമ്മിപ്പിക്കുന്നു (2 തിമൊ. 3:1 5). അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് അന്ത്യകാലത്ത് ഭക്തിയുടെ വേഷം ധരിക്കയും അതിന്റെ ശക്തിയെ ത്യജിക്കയും ചെയ്യുന്നവർ. കപടഭക്തിക്ക് ശക്തിയില്ല എന്നാൽ യഥാർത്ഥ ഭക്തിക്കുള്ളിൽ ഒരു ശക്തിയുണ്ട്. യഥാർത്ഥ ഭക്തന് ആ ശക്തി അനുഭവേദ്യമാണ്. അത് ഭക്തി പകർന്നു നൽകുന്ന ശക്തിയാണ്. യഹോവാഭക്തന് ദൃഢധൈര്യം ഉണ്ട്. അവന്റെ മക്കൾക്കും ശരണം ഉണ്ടാകും എന്നാണ് ശലോമോന്റെ അഭിപ്രായം (സദൃ. 14:26). നീ എല്ലായ്പ്പോഴും യഹോവാ ഭക്തിയോടിരിക്ക (സദൃ. 23:17) കാരണം ഭക്തിയോടിരിക്കുന്നവന് ഒരു പ്രതിഫലം ഉണ്ടാകും എന്നത് നിശ്ചയമാണ്. അത് ഈ ലോകത്തിലും നിത്യതയിലും ഉണ്ട്. ചെറിയവരും വലിയവരുമായ തന്റെ സകല ഭക്തൻമാർക്കും പ്രതിഫലം കൊടുപ്പാനുള്ള കാലം വിദൂരമല്ല(വെളിപ്പാട് 11:18). ആ നല്ല നാളിനായി നമുക്ക് നോക്കി പാർക്കാം, ഭക്തിയോടെ ജീവിക്കാം.

## വിശ്വാസവീരന്റെ പ്രത്യാശ

(നാലാം പേജിൽ നിന്നും തുടർച്ച)

കൊണ്ടും, ആയതിന് നല്ലൊരു തുക സംഭാവന നൽകിയതു കൊണ്ടും മനുഷ്യന്റെ ആത്മാവു സ്വർഗ്ഗത്തിൽ എത്തും എന്ന് ആത്മീയ ഗോളത്തിലുള്ള ഒട്ടേറെ ആളുകൾ ധരിച്ചു വച്ചിട്ടുണ്ട്. ഈ ധാരണകൾ എല്ലാം തികച്ചും തെറ്റണെന്നു അന്ത്യശ്വാസം വലിച്ചുകഴിഞ്ഞാലുടൻ തന്നെ മനഷ്യനു മനസ്സിലാകും. ലൂക്കൊസ് 16:19-31 വരെയുള്ള വാക്യങ്ങൾ ഈ വിഷയത്തിൽ ആധികാരികമായി വെളിച്ചം പകരുന്നു.

ഭക്തന്മാരുടെ മൃതശരീരങ്ങളിൽ ചിലതു ഹിംസ്രജന്തുക്കൾ തിന്നു കളഞ്ഞിട്ടുണ്ട്. സമുദ്രത്തിലെ മത്സ്യങ്ങൾ വിഴുങ്ങിയിട്ടുണ്ട്. വിമാനാപകടങ്ങളിൽപ്പെട്ടു സമുദ്രത്തിൽ പോയ അനേകരുടെ മൃതശരീരങ്ങൾ നമുക്കു ലഭിച്ചിട്ടില്ല. എന്നാൽ, ഇതൊന്നും അവരുടെ പുനരുത്ഥാനത്തെയോ തേജസ്സിനെയോ നിത്യതയേയോ പ്രതിഫലത്തെയോ ബാധിക്കുന്നില്ല എന്നു ബുദ്ധിയുള്ളവർ ഗ്രഹിക്കട്ടെ!

മനുഷ്യന്റെ മരണശേഷം മണ്ണായ മനുഷ്യൻ മണ്ണോടു ചേരുന്നു. ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു ചെന്നു ചേരുന്നു (സഭാപ്രസംഗി 12:7); അത്യുന്നതൻ നിശ്ചയിച്ചിട്ടുള്ള ഈ വിധിയെ നിസ്സാരമായി കരുതുവാനോ, മറിക്കടക്കുവാനോ നമുക്കാർക്കും സാധിക്കുന്നതല്ല. വിശുദ്ധന്മാരുടെ പുനരുത്ഥാനം എന്നതും ഉൽപ്രാപണം എന്നതും ലോകം ഇന്നുവരെയും കണ്ടിട്ടുള്ളതിലേക്കും ഏറ്റവും വലിയ അത്ഭുതം ആയിരിക്കും. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവും തന്റെ ശിഷ്യന്മാരും പഴയനിയമ പ്രവാചകന്മാരിൽ ചിലരും ചെയ്തിട്ടുള്ള അത്ഭുതങ്ങളെപ്പറ്റിയും തിരുവെഴുത്തിൽ നാം വായിക്കുന്നുണ്ട്. എന്നാൽ, കല്ലറകളിൽ ഉള്ളവർ ദൈവപുത്രന്റെ ശബ്ദം കേട്ട് പുനർജീവൻ പ്രാപിച്ച് വെളിയിൽ വരുന്നതും, വിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ച് സ്വർഗ്ഗാരോഹണം ചെയ്യുന്നതുമായ മാഹാത്ഭുതത്തോടു തുലനം ചെയ്യത്തക്ക നിലയിൽ ഇതേവരെ ലോകത്തിൽ ഒരു അത്ഭുതവും നടന്നിട്ടില്ല എന്നു പറയാം. ഭൂമിയിലെ മഹാരാജാക്കന്മാർക്കും, ശാസ്ത്രജ്ഞന്മാർക്കും തത്വചിന്തകന്മാർക്കും ഇന്നേവരെ ഈ മർമ്മം വെളിപ്പെട്ടിട്ടില്ല. അവരെ ഇപ്പോൾ അത് മനസ്സിലാക്കുവാൻ വിഷമമമാണുതാനും. ഈ മർമ്മം ജ്ഞാനികൾക്കും വിവേകികൾക്കും മറഞ്ഞിരിക്കുന്നു എങ്കിലും ശിശുക്കൾക്കു ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. അനേകം വർഷങ്ങൾക്കു മുമ്പു തന്നെ തന്റെ ഭക്തനായ ഇയ്യോബിനു ദൈവം ഈ മർമ്മം വെളിപ്പെടുത്തിയിരുന്നു എന്നത്രെ വിചിന്തന വാക്യംകൊണ്ടു മനസ്സിലാകുന്നത്. **(തുടരും)**

(വിശ്വാസി പബ്ളിക്കേഷൻസ് പുറത്തിറക്കിയ ലേഖകന്റെ ***വിശുദ്ധന്മാരുടെ കഷ്ടതകൾ*** എന്ന ഗ്രന്ഥത്തിൽ നിന്നും തിരഞ്ഞെടുത്ത ലേഖനം)

ഭാവന

## സിദ്ധൗഷധം

**ജിനി ഡേവിഡ് അടൂർ**

**വി**പണികളിൽ വിറ്റഴിക്കുന്ന മറ്റെല്ലാ ഔഷധങ്ങളെക്കാളും വളരെയധികം മാറ്റുരച്ച ഒന്നാണ് ഈ സിദ്ധൗഷധം. ഇത് ഏത് രോഗത്തിനു ഉതകുന്ന ഒന്നാണ്. പ്രായഭേദമില്ലാതെ ഉപയോഗിക്കാവുന്നതും ദൂഷ്യഫലങ്ങൾ ഒന്നും ഇല്ലാത്തതുമായ ഈ സിദ്ധൗഷധത്തിന്റെ ഡിമാന്റ് വളരെ വലുതാണ്.

കുബേര - കുചേല വ്യത്യാസമെന്യെ പാലിക്കേണ്ട ചില പഥ്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. പഥ്യം പ്രമാണിക്കുന്ന ഒരുവന് മാത്രമേ ഈ ഔഷധം ഫലവത്താകുകയുള്ളു. അതിനായി മനുഷ്യായുസ്സ കുറക്കുന്ന ദുർന്നടപ്പ്, അശുദ്ധി തുടങ്ങി 15 വിധ കാര്യങ്ങൾ വർജ്ജിക്കണം. ഇതിന് പ്രതിവിധിയായി സ്നേഹം, സന്തോഷം, സമാധാനം, ഇന്ദ്രിയജയം എന്നിങ്ങനെ ഫ്രീ ആയി ലഭിക്കുന്ന ഒമ്പത് ക്യാപ്സൂളുകൾ ഉപയോഗിക്കുക. ഇവയെ വെല്ലുന്ന വീര്യമേറിയ ക്യാപ്സൂളുകൾ വേറെ ഇല്ലതാനും. ഇതിന്റെ പ്രൊഡൂസറും ഇതര ഡോക്ടർമാരുടെ ഗുരുവുമായവന്റെ വരവ് എപ്പോഴോ അപ്പോൾ വരെയുള്ള സമയമാണിതിന്റെ എക്സ്പയറി ഡേറ്റ്.

അശുദ്ധി എന്നത് ഈ സിദ്ധൗഷധത്തിന് യോജിക്കുന്ന ഒന്നല്ല. കാരണം അത്

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009**
**Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com**

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

# വിശ്വാസവീരന്റെ പ്രത്യാശ

*"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും, അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും; അന്യനല്ല, എന്റെ സ്വന്തകണ്ണു അവനെ കാണും" (ഇയ്യോബ് 19:25-27).*



**പാസ്റ്റർ കെ. ജോയി**
**ന്യൂഡൽഹി**

ഭക്തനായ ഇയ്യോബിന്റെ വായിൽ നിന്നു പുറപ്പെട്ട വാക്കുകൾ പിൻതലമുറയ്ക്കു വേണ്ടി ഒന്നു എഴുതിവെച്ചെങ്കിൽ കൊള്ളായിരുന്നു എന്നു അവൻ ആഗ്രഹിച്ചു. മേൽപ്പറഞ്ഞ വാക്കുകൾ പ്രസ്താവിക്കുന്നതിനു തൊട്ടുമുമ്പാണ് ഇയ്യോബ് അതു പറഞ്ഞത്. 19:23,24 വാക്യങ്ങൾ കാണുക. "അയ്യോ എന്റെ വാക്കുകൾ ഒന്നു എഴുതിയിരുന്നു എങ്കിൽ, ഒരു പുസ്തകത്തിൽ കുറിച്ചുവച്ചു എങ്കിൽ കൊള്ളായിരുന്നു. അവയെ ഇരുമ്പാണിയും ഈയവും കൊണ്ടു പാറയിൽ സദാകാലത്തേക്കും കൊത്തിവച്ചെങ്കിൽ കൊള്ളായിരുന്നു." ഇവിടെ പറയുന്ന പാറ ഏതായിരിക്കും? പുരാതന കാലത്തു പാറയിൽ വെട്ടപ്പെട്ടിരുന്ന കല്ലറകളിലാണ് മൃതശരീരങ്ങൾ അടക്കിയിരുന്നത്. അങ്ങനെയെങ്കിൽ തന്റെ മൃതശരീരം അടക്കുവാൻ ഉപയോഗിക്കുന്ന കല്ലറയുടെ മീതെ മേൽപ്പറഞ്ഞ വാക്കുകൾ കൊത്തി വയ്ക്കണംഎന്നാണ് ഈയ്യോബ് ആഗ്രഹിച്ചത്. ആ കല്ലറ പിൻതലമുറ കാണുമ്പോൾ, ഇതിനുള്ളിൽ മറവു ചെയ്യപ്പെട്ട ആൾക്കു എന്നേക്കും ജീവിച്ചിരിക്കുന്ന ഒരു വീണ്ടെടുപ്പുകാരൻ ഉണ്ട് എന്നും പുനരുത്ഥാനത്തിന്റെ പ്രത്യാശയോടുകൂടിയാണ് ഈ ആൾ കടന്നുപോയത് എന്നും പിൻതലമുറ അറിയട്ടെ. ഭക്തനായ ഹാബേലിനെപ്പറ്റി "മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നു (എബ്രായർ11:4). അതുപോലെ ഇയ്യോബിന്റെ കല്ലറയുടെ മുകളിൽ മേൽപ്പറഞ്ഞ വാക്കുകൾ കൊത്തിവയ്ക്കുന്നു എങ്കിൽ നിശ്ചയമായും അതു വായിക്കുന്നവർക്ക് അതിൽകൂടി ഒരു സുവിശേഷപ്രസംഗം കേൾക്കുവാൻ കഴിയും എന്നു സാരം. ഇയ്യോബിന്റെ കല്ലറയിൽ മേൽപ്പറഞ്ഞ വാക്യം എഴുതി വച്ചുവോ ഇല്ലയോ എന്നു നാം അറിയുന്നില്ല. എങ്കിലും ആകാശത്തിന്റെ കീഴിൽ സർവ്വസൃഷ്ടികളുടെയും ഇടയിൽ ഘോഷിക്കപ്പെടുന്ന ദൈവവചനത്തിൽ ഈ വരികൾ ഉൾപ്പെടുത്തിയതിനാൽ നമുക്കു ദൈവത്തെ സ്തുതിക്കാം. ഈ വാക്യങ്ങൾ വായിച്ചു വിശ്വാസവും പ്രത്യാശയും വർദ്ധിപ്പിക്കുന്നവർ ഭാഗ്യശാലികൾ തന്നെ. ലോകരക്ഷിതാവായ ക്രിസ്തുവിനെക്കുറിച്ചും അവന്റെ പുനരാഗമനത്തെക്കുറിച്ചുമുള്ള ഈ പ്രവചനം ഇയ്യോബു പരിശുദ്ധാത്മാവിന്റെ പ്രേരണയാലത്രെ ഘോഷിച്ചത്. ആകയാൽ, ഈ വാക്യത്തിന്റെ വിശദാംശങ്ങളിലേക്കു ഇനിയും നമുക്കു കടക്കാം.

ഒന്നാമതായി ഈ ഭക്തൻ വിശ്രമിക്കുന്ന കല്ലറയിലേക്കു നമ്മുടെ ഭാവനയിലൂടെ ഒന്നു ഇറങ്ങിചെല്ലാം. ഭൗതിക ശരീരത്തിൽ നിന്നും ആത്മാവും പ്രാണനും വേർപ്പെട്ടതിനാൽ, മൂക്കിലെ ജീവശ്വാസം നിലച്ചുപോയി. ആകയാൽ ചേതനയറ്റ തന്റെ മൃതദേഹം കല്ലറയ്ക്കുള്ളിൽ നിശ്ചലമായി കിടക്കുന്നു. മൃതശരീരങ്ങൾ കേടുകൂടാതെ സൂക്ഷിപ്പാൻ യാതൊരു സംവിധാനവും ഇല്ലാതിരുന്ന ആ കാലത്ത് 24 മണിക്കൂറിനുള്ളിൽ തന്റെ ഭൗതികാവശിഷ്ടം കല്ലറയ്ക്കുള്ളിൽ വെച്ചു കഴിഞ്ഞു. ദിവസങ്ങൾ കഴിയുന്തോറും അത് അഴുകി ദുർഗന്ധം വമിക്കുന്നു. പുഴുക്കൾ അതിൽ വാസം ഉറപ്പിച്ചിരിക്കുന്നു. കൃമികൾ ആ ശരീരത്തെ തിന്നു നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇനി ഒരുനാളും മടങ്ങിവരാത്ത നിലയിൽ മണ്ണായ ശരീരം മണ്ണോടു ലയിച്ചുചേർന്നുകൊണ്ടിരിക്കുന്നു. സൈന്യങ്ങൾ ഒരു നഗരത്തെ ആക്രമിച്ചു കീഴ്പ്പെടുത്തുകയും കൊള്ളയടിക്കുകയും ചെയ്യുന്നതുപോലെ കൃമികളും കീടങ്ങളും ഈ ശരീരത്തിന്റെ സകല അവയവങ്ങളും കീഴടക്കിയിരിക്കുന്നു! പണ്ഡിതനും പാമരനും കുബേരനും കുചേലനും തത്വജ്ഞാനിയും ഭോഷനും എല്ലാം മരണാനന്തരം ഗതി ഇതുതന്നെ. ത്വക്കു നശിച്ചതോടുകൂടെ സകലവിധ ജാതിഭേതവും അവസാനിക്കുന്നു. മാതൃഭൂമി സ്വന്തം കുഞ്ഞിനെ പൂർണ്ണമായി വിഴുങ്ങിക്കളഞ്ഞു. സഭാ പ്രസംഗി 12:5 മുതലുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ വിലാപം കഴിക്കുന്നവർ വീഥിയിൽ ചുറ്റി സഞ്ചരിക്കുന്നു. മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്കു പോകയും ചെയ്തു.

ഭൗതിക ശരീരം കേടുകൂടാതെ സൂക്ഷിച്ചാൽ ആത്മാവു സുരക്ഷിതമായിരിക്കും എന്നു മിസ്രയിമ്യർ കരുതിയിരുന്നു. വളരെ വില പിടിപ്പുള്ള സുഗന്ധദ്രവ്യങ്ങൾ മൃതശരീരത്തിൽ പൂശിയതുകൊണ്ടും വളരെ വില പിടിപ്പുള്ള പെട്ടിയിൽ അടക്കം ചെയ്തതുകൊണ്ടും ആചാര്യവർഗ്ഗം അതിമനോഹരമായ നിലയിൽ ഗാനങ്ങൾ ആലപിച്ചു കുന്തിരിക്കം പുകച്ചും സംസ്ക്കാരം നടത്തിയതുകൊണ്ടും പെന്തക്കൊസ്തു ഗോളത്തിലെ അതിശ്രേഷ്ഠ നേതാക്കന്മാരായ കർത്താവിന്റെ വിലയേറിയ ദാസന്മാർ ശവസംസ്ക്കാരം നടത്തിയതു

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി (സായാഹ്ന കോഴ്സ്) | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സുവിശേഷതകൾ

ആത്മീയ അന്തരീക്ഷം
സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2013 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

വേദവിചാരം

## തിരക്കേറിയ നമ്മുടെ ജീവിതം



**പാസ്റ്റർ ബിജു ബഞ്ചമിൻ**
**അടൂർ**

ഭൂമിയിൽ മനുഷ്യന്റെ ജീവിതം തിരക്കേറിയതാണ്. നാം സാധാരണയായി കേൾക്കുന്ന വാക്കുകളാണ് എനിക്ക് ഒട്ടും സമയമില്ല , നല്ല തിരക്കാണ് എന്നൊക്കെ. ദിവസങ്ങൾ കഴിയുന്തോറും ജീവിതത്തിന്റെ സങ്കീർണ്ണതകളും പ്രശ്നങ്ങളും കൂടിക്കൂടി വരികയാണ്. മനുഷ്യരുടെ തിരക്കു കൂടുന്നു എന്നുള്ളതല്ലാതെ മറ്റൊരു ഉപശാന്തിയും കാണുന്നില്ല. തിരക്കേറിയ ജീവിതം സമ്മാനിക്കുന്നത് സമ്മിശ്രമായ ഗുണഗണങ്ങളുടെ സമ്മേളനമാണ്. ക്രിസ്തീയ ജീവിതത്തിൽ അവയുടെ സ്വാധീനത്തെക്കുറിച്ച് ഒരു വിചിന്തനം നടത്തുകയാണിവിടെ.

ആദിമ വ്യവസ്ഥിതിയിൽ മനുഷ്യന് വിശ്രമം വളരെയുണ്ടായിരുന്നു. പരിസ്ഥിതിപരവും സമ്പദ്ഘടനാപരവുമായ വ്യവസ്ഥിതിയെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. പ്രകൃതിയിൽ നിന്ന് വിഭവങ്ങൾ ശേഖരിച്ചിരുന്ന ആ സമൂഹം അവരുടെ ആവശ്യത്തിന്റെ അനുപാതത്തിൽ മാത്രമാണ് അവ ശേഖരിച്ചിരുന്നത്. അന്നന്നത്തേക്കു വേണ്ടവ മാത്രം അവർ ശേഖരിച്ചു പോന്നു. അതാതു ദിനത്തേക്ക് വേണ്ടത് ശേഖരിച്ചു കഴിഞ്ഞാൽ പിന്നെ അവർക്ക് വിശ്രമത്തിനുള്ള സമയമായിരുന്നു. നൃത്തത്തിനും, സംഗീതത്തിനും മറ്റു വിനോദങ്ങൾക്കും അവർ സമയം കണ്ടെത്തിയിരുന്നു. അവരുടെ ജീവിതം ശാന്തവും സമാധാനപരവുമായിരുന്നു. ആവശ്യങ്ങൾക്ക് മേൽ ആഗ്രഹവും അതിനും മീതെ അത്യാഗ്രവും കടന്നുകയറിയപ്പോഴാണ് മനുഷ്യജീവിതത്തിൽ തിരക്ക് യാന്ത്രികമായി കടന്നുകയറിയത്. അന്നന്നത്തേക്ക് വേണ്ട വിഭവങ്ങളെക്കാളുപരി മറ്റുള്ളവരേക്കാൾ അധികം തനിക്ക് നേടണം എന്ന ആഗ്രഹം ഉടലെടുത്തു. ഇത് ജീവിതത്തിന്റെ തിരക്ക് വർദ്ധിപ്പിച്ചു. അത്യാഗ്രഹം, സ്വാർത്ഥത, തുടങ്ങിയ കിരാത സ്വഭാവങ്ങളുടെ കടന്നുകയറ്റം പരസ്പര വൈരാഗ്യങ്ങളിലേക്കും യുദ്ധങ്ങളിലേക്കും നയിച്ചു. മറ്റുള്ളവരെക്കാൾ അധികം നേടണമെന്ന അത്യാഗ്രഹം പ്രകൃതി വിഭവങ്ങളുടെ ക്രമാതീതമായ ചൂഷണത്തിലേക്ക് മനുഷ്യജാതിയെ നയിച്ചു. ആ ചൂഷണ പർവ്വങ്ങളുടെയെല്ലാം പരിണിതഫലങ്ങൾ ഇന്ന് നാം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പ്രകൃതി വിഭവങ്ങൾ ആവോളം ഊറ്റിയെടുത്ത് മനുഷ്യൻ മദിക്കുമ്പോൾ പ്രപഞ്ചം മരിച്ചുകൊണ്ടിരിക്കുകയാണെന്ന് അവൻ മറന്നുപോകുന്നു. മണ്ണെടുത്തും മരം മുറിച്ചും, മണലൂറ്റിയും പാടം നികത്തിയും വിഷവാതകങ്ങൾ ആകാശത്തിലും ഭൂമിയിലും ജലത്തിലും വിന്യസിപ്പിച്ചും മനുഷ്യർ തന്നെ ഭൂമിയുടെ ചരമഗീതം എഴുതിക്കൊണ്ടിരിക്കുകയാണിന്ന്. ആഗോളതാപനവും സാംക്രമികരോഗങ്ങളും ഈ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ഭൂമി വെണ്ണീറായി മാറിക്കൊണ്ടിരിക്കുമ്പോഴും മനുഷ്യൻ തിരക്കു കൂട്ടുന്നത് പ്രകൃതിയെ വീണ്ടും ചൂഷണം ചെയ്യുവാൻ വേണ്ടിയാണ്. വ്യവസായവിപ്ലവം മനുഷ്യന്റെ വളർച്ചയുടെ ചരിത്രത്തെ മാറ്റിയെഴുതി. ലോകത്തിന്റെ മിക്കയിടങ്ങളിലും സാമൂഹിക വ്യവസ്ഥിതിക്കു തന്നെ അത് വ്യത്യാസം വരുത്തി. മുതലാളിത്വവും അതിൽ നിന്ന് സാമ്രാജ്യത്ത്വത്തിലേക്കും മനുഷ്യൻ പ്രയാണം ആരംഭിച്ചു. പ്രവർത്തനങ്ങളുടെ കാഠിന്യം കുറയ്ക്കുന്ന യന്ത്ര സംവിധാനങ്ങൾ ഉദയം ചെയ്തതോടെ മനുഷ്യന്റെ തിരക്ക് കുറയുന്നതിന് പകരം വർദ്ധിക്കുകയാണ് ചെയ്തത്. യന്ത്രവത്കരണത്തിന്റെ സാധ്യതകളും ശ്രോതസ്സുകളും സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ മനുഷ്യർ മത്സരവും തുടങ്ങി.

മനുഷ്യന്റെ അനാവശ്യവും അകാരണവുമായ തിരക്കിന്റെ ബാക്കിപത്രം പലപ്പോവും വേദനാജനകമാണ്. കുടുംബ ബന്ധങ്ങളുടെ ഉലച്ചിലും ശിഥിലീകരണവുമാണ് അവയിൽ പ്രധാനം. കുടുംബാംഗങ്ങളൊന്നിച്ച് ചെലവഴിക്കുവാനുള്ള സമയം തിരക്ക് കവർന്ന് കളയുന്നു. വ്യക്തിപരമായ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും മാത്രമാണ് അപ്പോൾ മുൻതൂക്കം നൽകുന്നത്. മനുഷ്യരിൽ നിന്ന് പ്രതീക്ഷിക്കുന്ന പുതി സംഭാവനകൾ തിരക്ക് നഷ്ടമാക്കുന്നു. ഉള്ള വിഭവങ്ങൾകൊണ്ട് ഒതുങ്ങിക്കൂടുവാൻ മാത്രമാണ് അപ്പോൾ കഴിയുന്നത്. കാലപ്പഴക്കത്തിൽ അവയുടെ മൂല്ല്യം കുറയുന്നതും അസ്വീകാര്യമാകുന്നതും പതിവ് കാഴ്ചകളാണ്. പുതിയ പുതിയ ആശയങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും തിരക്ക് വിലങ്ങുതടിയാകുന്നു. ജീവിതത്തിന്റെ പുരോഗമനപരമായ കാഴ്ചപ്പാടിന്റെ മുനയൊടിക്കുവാൻ പോരുന്നതാണ് ഈ അവസ്ഥ. അമിതമായ തിരക്ക് ജീവിതയാത്രയെത്തന്നെ അപകടത്തിലേക്ക് നയിക്കുന്നു. മനസ്സിന്റെ സമാധാനവും സംതുലിതവുമായ ചിന്തയ്ക്ക് വ്യതിയാനം വരുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ ക്രമീകൃതമായ മുന്നേറ്റത്തെയും തിരക്ക് തകർത്തുകളയുന്നു. പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും ചിന്തിക്കുവാനും കഴിയാതെ വരുന്നു. ജീവിതം യാന്തികമായി മാറുന്ന സ്ഥിതി വിശേഷമാണ് അപ്പോൾ സംജാതമാകുന്നത്. തിരക്കുപിടിച്ച ജീവിതം ഋണാത്മകമായ സാഹചര്യങ്ങളെയാണ് സമ്മാനിക്കുന്നത്. തിരക്കുള്ള ജീവിതത്തെ നാം ക്രീകരിക്കുമ്പോഴാണ് നേട്ടങ്ങൾ കൊയ്യുവാൻ നമുക്ക് സാധിക്കുന്നത്. ഭൂമിയിൽ ജനിച്ച മഹാരഥന്മാരെല്ലാം തിരക്കേറിയ ജീവനത്തിനുടമകളായിരുന്നു. അവർ തങ്ങളുടെ ജീവിത ചര്യകളെ സമയത്തിനൊപ്പം വ്യവസ്ഥാപിതമായി ചിട്ടപ്പെടുത്തിയപ്പോൾ അവർ വിജയികളെന്ന് നാം കയ്യടിച്ചു. ശരിയായ പരിശീലനത്തിലൂടെയും പ്രാവർത്തിക ക്രമീകരണത്തിലൂടെയും തിരക്കിന്റെ തേരോട്ടത്തെ നമുക്ക് നിയന്ത്രിക്കുവാൻ കഴിയും.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതം തിരക്കു നിറഞ്ഞതായിരുന്നു. യേശുവിന്റെ മൂന്നര വർഷത്തെ ജീവിതത്തിന്റെ വ്യക്തമായ ചിത്രം നമുക്ക് സുവിശേഷങ്ങളിൽ കാണുവാൻ കഴിയും. പകലന്തിയോളം വിശ്രമമില്ലാത്ത ശുശ്രൂഷ, രാത്രിയിലും തലചായ്ക്കുവാൻ കഴിയാത്ത തിരക്കുകൾ. ഇതിന്റെ മദ്ധ്യത്തിലും പ്രാർത്ഥനക്കായി യേശു സമയം ചെലവവഴിച്ചു. അരികിൽ വന്ന ആരെയും താൻ നിരാശനാക്കിയില്ല. അറിവില്ലാത്തവർക്ക് അറിവ് പകർന്നു. നാടെങ്ങും നന്മ ചെയ്തു. രോഗികളെ സൗഖ്യമാക്കി. അശരണർക്ക് ആലംബമായി. അഗതികൾക്ക് ആശ്രയമായി. തിരക്കു നിറഞ്ഞ ജീവിതം അങ്ങനെ അർത്ഥവത്തായി മാറി. നമ്മുടെ ജീവിതത്തിലെ തിരക്കുകൾ ഗുണാത്മകമായി നാം ക്രമീകരിക്കുന്നുവെങ്കിൽ തിരക്കുള്ള യേശുവിന്റെ ജീവിതം അനേകർക്ക് അനുഗ്രഹമായിത്തീർന്നതുപോലെ നമ്മുടെ ജീവിതവും അനുഗ്രഹമായിത്തീരും

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*